പരിശുദ്ധ പരുമല തിരുമേനി ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ....

# പരിശുദ്ധ പരുമല തിരുമേനിയുടെ 114-ാം ഓർമ്മപ്പെരുന്നാൾ

## മലങ്കരയെ മഹത്തരമാക്കിയ മഹാപരിശുദ്ധൻ

**ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**



എഡി 51 മുതൽ ഇന്നുവരെ എല്ലാ അർഥത്തിലും ഒരു ദേശീയ സഭയായി നിലനിൽക്കുന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരിശുദ്ധ പരുമല തിരുമേനിയെ മലയാളികളിൽ മിക്കവർക്കും അന്യഭാഷക്കാർക്കും സുപരിചിതനാണ്. പരിശുദ്ധന്റെ ഭൗതിക ശരീരം അന്ത്യവിശ്രമം കൊള്ളുന്ന പരുമല പള്ളിയിൽ പെരുന്നാൾ ദിവസങ്ങളിൽ മാത്രമല്ല സാധാരണ ദിവസങ്ങളിൽപോലും എത്തിച്ചേർന്ന് പ്രാർഥനയിലും ജാഗരണത്തിലും മുഴുകുന്ന പതിനായിരക്കണക്കിനു തീർഥാടകരുടെ എണ്ണമെടുത്താൽ മാത്രംമതി ഈ സത്യം ബോധ്യമാവാൻ.

ഇവിടെ കടന്നുവന്നു വേദനയും വിഷമവും പ്രയാസങ്ങളും ആവലാതികളും ആശങ്കകളും മറ്റു ബുദ്ധിമുട്ടുകളും തിരുസന്നിധിയിൽ പ്രത്യാശയോടെ സമർപ്പിച്ച് പ്രാർഥിച്ചു കഴിയുമ്പോൾ മനഃസംതൃപ്തി യോടും സന്തോഷത്തോടും മടങ്ങുന്നവരാണു മിക്ക സന്ദർശകരും. 1848 ജൂൺ 15ന് എറണാകുളം ജില്ലയിലെ മൂന്തുരുത്തിയിൽ കൊച്ചുമത്തായി മറിയം ദമ്പതികളുടെ ഇളയ മകനായി പിറന്ന ഗീവർഗീസ് എന്ന കൊച്ചയ്പേർ ആണ് ഇന്നു ലക്ഷക്കണക്കിന് ആരാധകരുടെ ആവേശവും പ്രത്യാശയുമായി രൂപാന്തരപ്പെട്ടിരിക്കുന്ന പരിശുദ്ധൻ. പ്രാർഥനയും ദൈവാശ്രയവും ചെറുപ്പം മുതലേ ജീവിത ശൈലിയാക്കാനും കഴിഞ്ഞു. വിനയത്തിലും ഗുരുഭക്തിയിലും പ്രായമേറിയവരോടുള്ള ആദരവിലും സമകാലീനരേക്കാൾ മുൻപന്തിയിൽ നിലകൊള്ളാനായി. 1858 ൽ കരിങ്ങാച്ചിറപ്പള്ളിയിൽവച്ച് പാലക്കുന്നത്ത് മാത്യുസ് മാർ അത്താനാസിയോസ് തിരുമേനിയിൽ നിന്നും ശെമ്മാശുപട്ടം സ്വീകരിച്ചു. അപ്പോഴേക്കും മലയാള ഭാഷയിലെന്നപോലെ സുറിയാനി ഭാഷയിലും മികച്ച പ്രാവീണ്യം നേടിക്കഴിഞ്ഞിരുന്നു. കോനാട്ടു മൽപാനച്ചന്റെ വിദഗ്ധ ശിക്ഷണം ശെമ്മാശനു ലഭ്യമായി.

അന്ത്യോക്യയിൽ നിന്നെത്തിയ യൂയാക്കീം മാർ കൂറിലോസ് തിരുമേനിയുടെ പ്രിയശിഷ്യനാകുവാൻ ശെമ്മാശന് അധികം കാത്തിരിക്കേണ്ടിവന്നില്ല. മിതഭാഷിയായ ശെമ്മാശൻ വിദേശ മെത്രാച്ചന്റെ ദ്വിഭാഷിയായി. ശെമ്മാശന്റെ അനിതര സാധാരണമായ കഴിവുകളിൽ സംപ്രീതനായ തിരുമേനി 1861 ൽ ശെമ്മാശനെ കശീശ്ശായായും അതേവർഷം തന്നെ കോർ എപ്പിസ്കോപ്പയായും ഉയർത്തി. സുറിയാനി ഭാഷയിൽ എന്നപോലെ ഇംഗ്ലീഷ് ഭാഷയിലുമുള്ള അറിവും പാണ്ഡിത്യവും കൂറിലോസ് തിരുമേനിക്ക് യഥോചിതം ഉപകാരമായി. 1872 ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് റമ്പാനായി ഉയർത്തി. നിറഞ്ഞ പ്രകൃതി സ്നേഹിയായിരുന്ന പരിശുദ്ധൻ പ്രകൃതിയെയും സർവ ചരാചരങ്ങളെയും പക്ഷിമൃഗാദികളെയും മനുഷ്യരെ സ്നേഹിക്കുംവിധം സ്നേഹിച്ചു. നീണ്ട പ്രാർഥനകളും ധ്യാനവും ഏകാഗ്രതയും മനസ്സാന്നിധ്യവും കൈവിടാതുള്ള ജീവിത ശൈലികളും അദ്ദേഹത്തെ അദ്വിതീയനാക്കി. വെട്ടിക്കൽ ദയറായിൽ ജീവിച്ച കാലത്ത് സർവശക്തനായ ദൈവത്തിന്റെ കരുണയിലും കൃപയിലും മാത്രം ശരണപ്പെട്ടു കഴിഞ്ഞു. ദാരിദ്ര്യത്തെയും ഇല്ലായ്മകളെയും വൈതന്യമുള്ള ഇഷ്ട സുഹൃത്താക്കി.

1875 ൽ മലങ്കര സഭ സന്ദർശിച്ച പരിശുദ്ധ പത്രോസ് പാത്രിയർക്കീസ് ബാവാ തിരുമേനിയുടെ ദ്വിഭാഷിയും സെക്രട്ടറിയുമായി വിശ്വസ്ത സേവനം അനുഷ്ഠിച്ചു. പരിശുദ്ധ ബാവാ തിരുമേനിയോടൊപ്പം കേരളത്തിലെ മിക്ക പള്ളികളിലും സന്ദർശനം നടത്തി. സഭാംഗങ്ങളെയും സമൂഹത്തിൽ വേദനയും വിഷമവും കടിച്ചമർത്തി കഴിഞ്ഞുവന്ന നാനാജാതി മതസ്ഥരുടെ ഇല്ലായ്മകളെയും വല്ലായ്മകളെയും നേരിൽകണ്ടു മനസ്സിലാക്കി അവരെ ഓർത്തു കണ്ണീരോടെ മുട്ടിപ്പായി പ്രാർഥിക്കുവാൻ ലഭിച്ച സമയങ്ങളും അവസരങ്ങളും യുക്തമായി പ്രയോജനപ്പെടുത്തി. 1876 ഡിസംബർ 10ന് പറവൂർ പള്ളിയിൽവച്ച് മാർ ഗ്രിഗോറിയോസ് എന്ന സ്ഥാനനാമത്തിൽ പരിശുദ്ധ ബാവാ തിരുമേനി മെത്രാപ്പോലീത്തയായി അവരോധിച്ചു. 29 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന പരിശുദ്ധൻ അന്നത്തെ മെത്രാപ്പെലീത്തമാരിൽ ഏറ്റവും പ്രായം കുറഞ്ഞതായിരുന്നതിനാൽ സഭാംഗങ്ങൾ സ്നേഹപൂർവം കൊച്ചുതിരുമേനി എന്നു വിളിച്ചു വന്നു. നിരണം ഭദ്രാസന ചുമതല നിറവേറ്റുവാൻ പരുമലയിൽ താമസമാക്കി.

സാമൂഹിക പരിഷ്കർത്താക്കളായിരുന്ന ശ്രീനാരായണ ഗുരുസ്വാമികൾ, ശ്രീരമണ മഹർഷി, ജനാബ് വക്കം അബ്ദുൽ ഖാദർ മൗലവി എന്നിവരുടെ സമകാലികനായിരുന്നു. തീണ്ടലും തൊടീലും തുടങ്ങി സമൂഹത്തിൽ കളിയാടിയിരുന്ന വിരുദ്ധ ശക്തികളെ തൃണവൽകരിച്ചു ദൈവാശ്രയത്തോടും നിരന്തരമായ പ്രാർഥനയോടും പരിശുദ്ധൻ ജീവിച്ചു. കീഴ്ജാതികളിൽനിന്നു സ്വമനസ്സാലെ മത പരിവർത്തനം ചെയ്തവരെ ജാതിവ്യവസ്ഥയ്ക്കു സ്തുതിപാടി വന്ന ക്രിസ്ത്യൻ പ്രമാണിമാരുടെ എതിർപ്പിനെ വകവയ്ക്കാതെ അങ്ങനെയുള്ളവർക്കായി ദൈവാലയങ്ങളും ഭവനങ്ങളും വസ്ത്രങ്ങളും ഭക്ഷണ വസ്തുക്കളും ദാനം ചെയ്ത് ഉത്തമ മാതൃകയായി പരിശുദ്ധൻ. മരുന്നിനും ചികിൽസയ്ക്കും സാമ്പത്തിക ക്ലേശമനുഭവിച്ചവർക്ക് അതിനും പരിഹാരമുണ്ടാക്കി. എല്ലാ മനുഷ്യരെയും വലുപ്പച്ചെറുപ്പ വ്യത്യാസമെന്യേ സ്വയം സ്നേഹിക്കുകയും കരുതുകയും ചെയ്തതുപോലെ വിശ്വാസികളും അപ്രകാരമായിരിക്കണമെന്ന് ഉദ്ബോധിപ്പിച്ചു. ആവശ്യക്കാരന്റെ കാര്യങ്ങൾ ക്ഷമയോടെ കേട്ട് അവരുടെ പ്രശ്ന പരിഹാരത്തിനായി പരിശുദ്ധൻ കാട്ടിയ സ്നേഹവും താൽപര്യവും അന്യാദൃശ്യമാണ്. അതുപോലെതന്നെ ശ്ലാഘനീയവും.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ

ഏകാഗ്രതയോടെ പാലിച്ചു പോന്ന ഈശ്വരാരാധനയാണ് പരിശുദ്ധന്റെ മുഖമുദ്ര. സ്വജീവിതത്തിൽ ദാരിദ്ര്യവും അനുസരണവും അഭംഗുരം പാലിച്ച് മുൻകാല ഭാരതീയ ഋഷിവര്യൻമാരെപ്പോലെ ജീവിച്ച് വന്നുവെങ്കിലും വിശക്കുന്നവന്റെയും വേദനിക്കുന്നവന്റെയും മുന്നിൽ കരളലിവോടെ ആശ്വാസവും സമാധാനവും ലഭ്യമാക്കാൻ കഴിയുന്നതെന്തും ചെയ്യുന്നതിൽ കാട്ടിയിട്ടുള്ള ശുഷ്കാന്തിയും ഉൽസാഹവും ഏറെ ശ്രദ്ധനീയമാണ്.

ദീർഘയാത്രകളും കഠിനാദ്ധ്വാനവും കഠിന തപസ്സും നിർബാധം തുടർന്നതിനാൽ പരിശുദ്ധന്റെ ആരോഗ്യത്തെ രോഗങ്ങൾകാർന്നു തിന്നുകൊണ്ടിരുന്നു. വല്ലാത്ത വേദനയിലും ദൈവകൃപയിൽ മാത്രം ആശ്രയിച്ചു മാതൃകയായിത്തീർന്ന പരിശുദ്ധൻ 1902 നവംബർ രണ്ട് രാത്രി ഒരുമണിക്ക് ഇഹലോ കവാസം വെടിഞ്ഞു മാലാഖമാരുടെ യും പരിശുദ്ധൻമാരുടെയും സഹവാസം ആർജിക്കത്തക്കവിധം ദൈവത്തോടു ചേർക്കപ്പെട്ടു. ■

**ഫാ. എം. സി. കുരിയാക്കോസ്**
(മാനേജർ, പരുമല സെമിനാരി)


മലയാള മനോരമ
പരസ്യങ്ങൾക്ക്...
മിത്രം മാവേലിക്കര
0479 230 6003, 9447 141 222, 9446 597 174

പെരുന്നാൾ ആശംസകളോടെ...

SIGMA
CONSTRUCTIONS
Mulakkuzha, Chengannur | Ph: 9497 478 068
bijucherian85@gmail.com
ENGINEERS & CONTRACTORS
ARCHITECTUAL DESIGN &
3D DESIGNING
AND STRUCTURAL DESIGNING
TOTAL INTERIOR WORK
SOIL TESTING & DMC PILLING
Eng. Biju Cheriyan
(B.Tech Civil)
Sreegayatri,mvk. 9446117475



MOM TAJ MARBLES
WHOLE SALE SHOWROOM FOR ALL BUILDING MATERIALS
MUNICIPAL PARK JN., MAVELIKARA & ALAPPUZHA. 9645077528, 9388900528
പ്രായിക്കര, മാവേലിക്കര 0479 2306255, 9387216000
മുനിസിപ്പൽ പാർക്ക് ജംഗ്ഷൻ, മാവേലിക്കര 2340576, 9387306525
പുന്നപ്ര, N.H. Side, ആലപ്പുഴ 0477 2286787, 9387306518
E-mail: tajmarbles@gmail.com | tajprayikara@gmail.com | Web:www.tajshopping.com
മെഗാ ഷോറൂമിലേക്ക് സ്വാഗതം
A Branded Exclusive Showroom
30,000 Sqft.

SOMANY Kajaria
ടൈൽസിന്റെ കേരളത്തിലെ ആദ്യത്തെ MEGA SHOWROOM മാവേലിക്കരയിൽ
TAJ MARBLES
MEGA SHOWROOM
MUNICIPAL PARK JN., MAVELIKARA | 0479 2340576 | 9387306525
ഞങ്ങളുടെ മൂന്ന് ബ്രാന്റഡ് ഷോറൂമുകളിലും സാധാരണ ജനങ്ങൾക്ക് പർച്ചേസ് ചെയ്യാവുന്ന രീതിയിൽ എക്കണോമിക് കൗണ്ടർ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.
VITRIFIED TILE (1st Quality) 35 മുതൽ
WALL TILE 25 മുതൽ
എല്ലാ ബിൽഡിംഗ് മെറ്റീരിയൽസിനും 5% മുതൽ 30% വരെ ഡിസ്ക്കൗണ്ട്
താജ് മാർബിൾസിന്റെ വളർച്ചയിൽ നാളിതുവരെ താങ്ങായി നിന്ന ഏവർക്കും നന്ദി രേഖപ്പെടുത്തുന്നു.

രഘുനാഥ്
മാനേജിംഗ് ഡയറക്ടർ
Sreegayathri,mvk
CERA SANITARYWARE | Hindware | RAK CERAMICS | QUTONE | Jaquar | JOHNSON Not just tiles, Lifestyles. | White House TILES PVT. LTD.
GROHE ENJOY WATER | SOMANY Tiles & Aquaware | NITCO LIMITED | Kajaria | KOHINOOR TILES | Kriztlé bathrooms and beyond



സപ്ലിമെന്റ് : മിത്രം, മാവേലിക്കര. 9447141222